ശ്രീ. കെ. കുഞ്ഞപിള്ള : ഒരു ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ നടക്കുന്നതിനേക്കാൾ ഒരു സ്വകാര്യ ഉടമസ്ഥൻ നടത്തുന്നതിനേക്കാൾ കാര്യക്ഷമത ഉണ്ടാകുമെന്നുള്ള ഉദ്ദേശത്തിലായിരിക്കണം ഇതിനെ ഒരു കാർപ്പറേഷനെ ഏൽപ്പിച്ചതു്. എന്നാൽ കാർപ്പറേഷനെ ഏൽപ്പിച്ചതു് ഗവണ്മെൻറു നിയന്ത്രണത്തിലുള്ള ഗവണ്മെൻറു് ഉദ്യോഗസ്ഥനോ സ്വകാര്യ ഉടമയോ നിയന്ത്രിക്കാത്ത രീതിയിൽ പ്രവത്തനം നടക്കണമെന്നുള്ള ഉദ്ദേശത്തിലായിരിക്കണം. അപ്പോഴം അതിൻെറ പ്രവത്തനത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : അതൊരു Sweeping Statement അല്ലാതെ വസ്തുതയാണെന്നു തോന്നുന്നില്ല. ഒരു കൊല്ലം കഴിയുമ്പോഴം ഇതിൻെറ പ്രവത്തനത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ എന്നു മനസ്സിലാക്കാൻ കഴിയും.

പുതിയ ബസ്സുറൂട്ടുകൾ

* 865. [1821] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-64-ൽ ഏതെല്ലാം പുതിയ റൂട്ടുകളിൽ ബസ്സു് ഓടിക്കാനും, ഇന്നുള്ള റൂട്ടുകളിൽ ബസ്സു് ട്രിപ്പുകൾ കൂട്ടാനും ഗവണ്മെൻറിനു പരിപാടിയുണ്ടു് ;

(ബി) പരിപാടികൾ എത്രത്തോളം പുരോഗമിച്ചു ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) കോഴിക്കോടു്—കാസർഗോഡു്, നെയ്യാറ്റിൻകര—തിരുവനന്തപുരം—മലയിൻകീഴു്—ഊരുട്ടമ്പലം സർക്കുലർ, എന്നീ റൂട്ടുകളിൽ ഉടനെ സർവ്വീസു് ആരംഭിക്കുന്നതാണു്. മറ്റു പല റൂട്ടുകളെ സംബന്ധിച്ചും പ്രിലിമിനറി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ടു്. ഇന്നുള്ള റൂട്ടുകളിൽ trip-കൾ കൂട്ടാൻ ആവശ്യമായാൽ പരിപാടിയെടുക്കുന്നതാണു്.

(ബി) സർവ്വീസു് ആരംഭിക്കാനുള്ള രണ്ടു റൂട്ടുകളുടേയും നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഗവണ്മെൻറു് മിക്കവാറും സ്വകാര്യ ഉടമകളുടെ കുത്തകയായിട്ടുള്ള റൂട്ടിൽ ഒരു സർവ്വീസു് ആരംഭിച്ചിട്ടു് കുറച്ചുകാലം കഴിഞ്ഞു് ലാഭകരമല്ലെന്നു പറഞ്ഞു് നിറുത്തുന്ന സമ്പ്രദായം ഒന്നു മാറ്റാൻ ശ്രമിക്കുമോ ; ഒന്നുകിൽ കൂടുതൽ ബസ്സു് ഓടിക്കുക, അല്ലെങ്കിൽ തീരെ ബസ്സു് ഓടിക്കാതിരിക്കുക, ഇങ്ങനെ ഒരു നയം സ്വീകരിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : Fast Passenger സർവ്വീസു് ഓടുമ്പോഴം പ്രൈവറ്റു് സർവ്വീസു് ഓടുന്നതിനെ നിറുത്താൻ സാധിക്കുകയില്ല, അതിനു പുറമെ ആവശ്യമുണ്ടെന്നു കണ്ടതുകൊണ്ടാണു് ഫാസ്റ്റു പാസഞ്ചർ സർവ്വീസു് ഓടിക്കുന്നതു്. അങ്ങനെയുള്ളിടത്തു് ഒന്നിൽക്കൂടുതൽ സർവ്വീസു് ഓടിക്കുകയില്ല. അവിടെ ഒന്നരണ്ടുബസ്സുകൾ പ്രൈവറ്റുകാരുടെ കൂടുതൽ കണ്ടേക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു് : ഫാസ്റ്റു പാസഞ്ചറിൻെറ കാര്യമല്ല ഞാൻ ചോദിച്ചതു്. സാധാരണ സർവ്വീസുതന്നെ ഇങ്ങനെ ഓടുന്ന സ്ഥലമുണ്ടു്. ഉദാഹരണമായി തൃശ്ശൂർ പെരിന്തൽമണ്ണ റൂട്ടിൽ ഈ ഒരു കാരണംകൊണ്ടാണു് വളരെ നഷ്ടമായി ഓടുന്നതു്. അപ്പോഴം ആ സർവ്വീസിൻെറ കാര്യത്തിൽ ഇതൊന്നു പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി അച്യുതൻ : സാധാരണ സപ്ലീസിന്റെ കാര്യത്തിൽ കൂടുതൽ പെർമിറ്റ് ആവശ്യമായി വന്നാൽ അതു് ഉടനെ ഉണ്ടാകും.

ശ്രീ. കെ. നാരായണക്കുറുപ്പ് : അത്യാവശ്യമുള്ള റൂട്ടുകളിൽ ട്രാൻസ്പോർട്ട് ബസ്സ് ഓടിക്കുന്നുണ്ടെന്നു പറഞ്ഞു. ആലപ്പുഴ ചാമംപതാൽ റൂട്ടിൽ ട്രാൻസ്പോർട്ട് ബസ്സ് ഓടിക്കുന്നതിനു് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ടി അച്യുതൻ : നോക്കാം.

ശ്രീ. എം. സി. ഏബ്രഹാം : കോട്ടയം എറണാകുളം വഴിയായി ട്രാൻസ്പോർട്ട് ബസ്സ് ഓടിക്കുന്നതിനു് നോട്ടിഫിക്കേഷൻ പ്രസിദ്ധം ചെയ്തുകഴിഞ്ഞിട്ടുണ്ടു്. പക്ഷേ വാദ്ധം കേൾക്കാത്തതുകൊണ്ടാണു് താമസം വരുന്നതു്. അതുകൊണ്ടു് ഈ കാര്യത്തിൽ ഏറ്റവും വേഗം വാദംകേട്ടു് തീരുമാനം എടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : വേണ്ട നടപടികളും എടുത്തുകഴിഞ്ഞു. പ്രീലിമിനറി നോട്ടിഫിക്കേഷൻ പ്രസിദ്ധം ചെയ്തുകഴിഞ്ഞു. താമസിയാതെ അതിന്റെ നടപടികളും പൂർത്തിയാകും.

ശ്രീ. ഓ. കോരൻ : ചില ബസ്സ് റൂട്ടുകളിൽ സ്വകാര്യവ്യക്തികൾക്കു് ബസ്സ് ഓടിക്കാൻ പെർമിറ്റ് കൊടുത്താലും കൊടുത്ത പെർമിറ്റനുസരിച്ചുള്ള വണ്ടികളും ഓടിക്കുന്നില്ല. ഉദാഹരണമായി പയ്യന്നൂർ പെരുമ്പുഴ ലൈനിൽ ആറു ബസ്സുകൾക്കു് പെർമിറ്റ് കൊടുത്തിട്ടുണ്ടു്. അവിടെ ഇപ്പോൾ ഓടുന്നതു് നാലു ബസ്സുകളും മാത്രമാണു്. അതുകൊണ്ടു് ഈ അംഗീകരിക്കപ്പെട്ട ബസ്സുകളും ഓടിക്കുന്നതിനു് ഗവണ്മെന്റ് കർശനമായ നടപടികളും എടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : കർശനമായ നടപടികളും എടുക്കുന്നുണ്ടു്. ആർ. റ്റി. ഓ മാർക്കു് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടു്. ഒരു സപ്ലീസെങ്കിലും മുടക്കുകയാണെങ്കിൽ കർശനമായ നടപടികളും എടുക്കണമെന്നും, അതായതു് പെർമിറ്റ് ക്യാൻസൽ ചെയ്യുകയോ, സസ്പെന്റു ചെയ്യുകയോ തുടങ്ങിയവ സ്വീകരിക്കണമെന്നും കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : സ്റ്റേറ്റു ട്രാൻസ്പോർട്ടിന്റെ റൂട്ടു് നിശ്ചയിക്കുകയും നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടു് പ്രൈവറ്റു് ബസ്സുകളും ഓടിക്കൊണ്ടിരുന്ന റൂട്ടുകളിൽ ഒന്നോ രണ്ടോ ട്രാൻസ്പോർട്ട് ബസ്സുകളും ഓടിച്ചിട്ടു്, കുറച്ചുദിവസംകഴിഞ്ഞു് അതു് നഷ്ടമാണെന്നും പറഞ്ഞുകൊണ്ടു് ബസ്സുകളും നിറുത്തിക്കളയുക, ആ സമ്പ്രദായം ഇനിയും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ ? ഉദാഹരണമായി പെരിന്തൽമണ്ണ–ഗുരുവായൂർ റൂട്ടിൽ ഓടിക്കൊണ്ടിരുന്ന ട്രാൻസ്പോർട്ടുബസ്സു് നിറുത്തലാക്കിയ നാണക്കേടു് ഇനിയെങ്കിലും തുടരാതിരിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ശ്രീ. ഗോപാലൻ പറഞ്ഞമാതിരി നാണക്കേടൊന്നും സംഭവിച്ചിട്ടില്ല. കോഴിക്കോട്ടുനിന്നു് ഗുരുവായൂരിലേക്കുള്ള ബസ്സു് പെരിന്തൽമണ്ണവഴി പോകുന്നതുകൊണ്ടു് ഈ റൂട്ടു് ആവശ്യമില്ലെന്നുകണ്ടു് എടുത്തുകളഞ്ഞതാണു്.

ശ്രീ. എൻ. ഈ. ബലറാം : പുതിയ റൂട്ടുകളും അനുവദിക്കുന്നുപറഞ്ഞു് അതിനുവേണ്ടിയുള്ള നോട്ടിഫിക്കേഷനും പ്രസിദ്ധപ്പെടുത്തുന്നുണ്ടെന്നുപറഞ്ഞു. കോഴിക്കോടു്–തലശ്ശേരി ലൈൻ ഇതുവരെയായി നോട്ടിഫൈ ചെയ്തിട്ടില്ല. അതുകൊണ്ടു് എത്രയുംവേഗം ആ ലൈൻ നോട്ടിഫൈചെയ്തു് ട്രാൻസ്പോർട്ട ബസ്സു് ഓടിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ടി അച്യുതൻ : പുതിയ റൂട്ടുകളുടെ ദേശവൽക്കരണത്തെ സംബന്ധിച്ചു് കുറച്ചു് സാവധാനത്തിൽപോയാൽ മതിയെന്നു് കേന്ദ്രഗവണ്മെന്റു് നിർദ്ദേശം തന്നിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly